
# 2 കുട്ടിപ്പുര






## ആമുഖം

വീടുകളെക്കുറിച്ച് പല കാര്യങ്ങളും കുട്ടികൾക്കറിയാം. ഈ അറിവിനെ ആധാരമാക്കി കൂടുതൽ അന്വേഷണങ്ങളിലേക്കും വിവരശേഖരണങ്ങളിലേക്കും നയിക്കാൻ ഈ യൂണിറ്റ് പ്രയോജനപ്പെടും. പലതരം വീടുകൾ, വീടുകളിലെ സൗകര്യങ്ങൾ, വീടു നിർമിക്കാൻ വേണ്ട വസ്തുക്കൾ, ആരോഗ്യകരമായ അന്തരീക്ഷമുള്ള വീടിന്റെ സവിശേഷതകൾ എന്നിവയെല്ലാം തിരിച്ചറിയാൻ കഴിയുന്ന വിധത്തിലാണ് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഫീൽഡ്ട്രിപ്പിലൂടെയും ചിത്രനിരീക്ഷണത്തിലൂടെയും സർവേയിലൂടെയും ശേഖരിച്ച വിവരങ്ങൾ തരംതിരിച്ച് പട്ടികപ്പെടുത്താനും അവ വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കാനും കഴിയുന്നവിധം പ്രവർത്തനങ്ങൾ ഒരുക്കിക്കൊടുക്കാൻ അധ്യാപികയ്ക്ക് കഴിയണം.

സുമംഗല രചിച്ച 'കുട്ടിപ്പുര' എന്ന കഥയുടെ ഭാഗമാണ് വായനസാമഗ്രിയായി കൊടുത്തിരിക്കുന്നത്. സാഹിത്യലോകത്തേക്ക് കടക്കാനുള്ള ആദ്യത്തെ ചവിട്ടുപടിയായി ഈ പാഠം പ്രയോജനപ്പെടുത്താൻ കഴിയും. കഥ, സംഭാഷണം, വിവരണം, ക്ഷണക്കത്ത്/അറിയിപ്പ്, കടങ്കഥകൾ എന്നീ വ്യവഹാരരൂപങ്ങൾക്ക് ഈ യൂണിറ്റിൽ പരിഗണന നൽകുന്നുണ്ട്. ഭാഷയിലെ സവിശേഷപ്രയോഗങ്ങൾ, ശൈലികൾ എന്നിവ തിരിച്ചറിഞ്ഞ് ഉചിതമായ സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്താനും കുട്ടിക്ക് കഴിയേണ്ടതാണ്. ചൊല്ലിരസിക്കാനുള്ള നാടൻപാട്ട് അനുബന്ധമായി നൽകിയിട്ടുണ്ട്. കൂടാതെ നിർമാണം, അഭിനയം, ചിത്രകല, കളികൾ എന്നിവ ഉദ്ഗ്രഥിച്ചുകൊണ്ട് പഠനപ്രവർത്തനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. സ്വന്തം വീട് ശുചിയാക്കി സൂക്ഷിക്കാനുള്ള മനോഭാവം രൂപീകരിക്കാനും ഈ യൂണിറ്റിലൂടെ കഴിയണം.

| യൂണിറ്റ് : 2 – കുട്ടിപ്പുര | യൂണിറ്റ് ഫ്രെയിം | മലയാളം |
|---|---|---|
| **ആശയങ്ങൾ, ധാരണകൾ** | **പ്രക്രിയ/പ്രവർത്തനങ്ങൾ** | **പഠനനേട്ടങ്ങൾ** |
| • ആശയത്തുടർച്ചയോടെയും തെറ്റു കൂടാതെയും സംഭാഷണം അവതരിപ്പിക്കുന്നതും എഴുതുന്നതും സവിശേഷമായ ഒരു ഭാഷാപ്രയോഗശേഷിയാണ്.<br>• കഥകൾ, സംഭവങ്ങൾ എന്നിവ സ്വാഭാവികതയോടെ ആഖ്യാനം ചെയ്യുന്നത് ഭാഷാപ്രയോഗത്തെ സജീവവും ആകർഷകവുമാക്കുന്നു.<br>• കഥാസന്ദർഭം വികസിപ്പിച്ച് പറയുകയും എഴുതുകയും ചെയ്യുന്നത് കുട്ടികളുടെ സർഗശേഷീവികാസത്തിന്റെ പ്രാഥമികമായ തെളിവുകളാണ്.<br>• ആശയങ്ങളെ സംക്ഷിപ്തമായി അവതരിപ്പിക്കുന്ന കടങ്കഥകൾക്ക് ഉത്തരം കണ്ടെത്തുന്നതും അവ നിർമിക്കുന്നതും സർഗാത്മകമായ ഭാഷാശേഷിയാണ്.<br>• അറിയിപ്പുകളും ക്ഷണക്കത്തുകളും മറ്റും ആശയ പ്രകാശനത്തിനുള്ള ലളിതമായ ഭാഷാരൂപമാണ്. | • സംഭാഷണം തയാറാക്കുന്നു.<br>• പ്രയോഗങ്ങൾ/ശൈലികൾ<br>• കഥകൾ വാചികമായി അവതരിപ്പിക്കൽ<br>• കടങ്കഥ, കടങ്കവിത എന്നീ ഭാഷാ കേളികളിലേർപ്പെടുന്നു.<br>• അറിയിപ്പ്/ക്ഷണക്കത്ത് പരിചയപ്പെടൽ, തയാറാക്കൽ. | • സ്വാഭാവികമായ സന്ദർഭങ്ങളിൽ ആശയത്തുടർച്ചയോടെ സംഭാഷണങ്ങളിലേർപ്പെടുകയും എഴുതുകയും ചെയ്യുന്നു.<br>• കേട്ട കഥകൾ, സംഭവങ്ങൾ എന്നിവ തന്റേതായ ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നു.<br>• കഥയുടെ തുടർച്ച കഥാംശം ചോർന്നുപോകാതെ പറയുകയും എഴുതുകയും ചെയ്യുന്നു.<br>• ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം/കഥ എന്നിവ തന്റേതായ രീതിയിൽ എഴുതുന്നു.<br>• ലഘു കടങ്കഥകൾക്ക് ഉത്തരം നൽകുകയും ലളിതമായ കടങ്കഥകൾ രൂപീകരിച്ച് ചോദിക്കുകയും ചെയ്യുന്നു.<br>• അറിയിപ്പുകൾ, ക്ഷണക്കത്ത് എന്നിവ വായിച്ച് അവയുടെ ഉള്ളടക്കം, ഘടന, ഭാഷാരീതി എന്നിവ തിരിച്ചറിയുകയും ക്ഷണക്കത്ത് തയാറാക്കുകയും ചെയ്യുന്നു. |

| യൂണിറ്റ് : 2 – കുട്ടിപ്പുര | യൂണിറ്റ് ഫ്രെയിം | പരിസരപഠനം |
|---|---|---|
| **ആശയങ്ങൾ, ധാരണകൾ** | **പ്രക്രിയ/പ്രവർത്തനങ്ങൾ** | **പഠനനേട്ടങ്ങൾ** |
| • ആളുകൾ പലതരം വീടുകളിൽ പാർക്കുന്നു. വീടുകൾ വ്യത്യസ്ത ആകൃതിയിലും വലുപ്പത്തിലും ഉണ്ട്. ഓരോ ആവശ്യത്തിനും വീട്ടിൽ വെവ്വേറെ ഇടങ്ങളുണ്ട്.<br>• വീട്ടിനുള്ളിൽ വായുസഞ്ചാരവും വെളിച്ചവും വേണം, ചുറ്റുപാടുകൾ വൃത്തിയുള്ളതായിരിക്കണം.<br>• ആരോഗ്യകരമായ ജീവിതത്തിന് വൃത്തിയുള്ള വീടും ചുറ്റുപാടും ആവശ്യമാണ്.<br>• വീടുനിർമിക്കുന്നതിന് വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിക്കുന്നു.<br>• നമ്മുടെ നാട്ടിൽ വീടില്ലാതെ കഷ്ടപ്പെടുന്നവരുണ്ട്. | • ചിത്രനിരീക്ഷണം, ഫീൽഡ്ട്രിപ്പ് എന്നിവയിലൂടെ വീടിന്റെ സവിശേഷതകൾ പട്ടികപ്പെടുത്തൽ.<br>• വിവരണം വായിക്കൽ.<br>• നിരീക്ഷണം, ചെക്ക്ലിസ്റ്റ് പൂർത്തിയാക്കൽ.<br>• വീടും പരിസരവും നിരീക്ഷിക്കൽ.<br>• ശുചിത്വ ചാർട്ട് നിർമാണം<br>• സ്കൂൾ/അടുക്കള/കിണർ/പരിസരം എന്നിവ നിരീക്ഷിക്കൽ.<br>• വീടുനിർമാണ സാമഗ്രികൾ-പഠനയാത്ര/വർക്ക് ഷീറ്റ്<br>• ചിത്രനിരീക്ഷണം, പത്രവാർത്ത വായിക്കൽ<br>• ചർച്ച | • വീടുകളുടെ സവിശേഷതകൾ, സാമ്യവ്യത്യാസങ്ങൾ എന്നിവ കണ്ടെത്തി പറയുന്നു.<br>• വീടിന്റെ വിവിധ ഭാഗങ്ങൾ, അവയുടെ ഉപയോഗം എന്നിവ തിരിച്ചറിയുന്നു, പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു.<br>• ആരോഗ്യകരമായ വീടിന്റെ പ്രത്യേകതകൾ തിരിച്ചറിയുകയും സ്വന്തം വീട് ആരോഗ്യകരമാണോ എന്നു പരിശോധിച്ച് കണ്ടെത്തലുകൾ എഴുതുകയും ചെയ്യുന്നു.<br>• വീടും ചുറ്റുപാടും ശുചീകരിക്കുന്നതിൽ പങ്കാളികളാവുന്നു.<br>• വീടുനിർമാണത്തിനുപയോഗിക്കുന്ന വസ്തുക്കളെ വർഗീകരിക്കുന്നു.<br>• എല്ലാവർക്കും സുരക്ഷിതമായ പാർപ്പിടങ്ങൾ വേണമെന്ന മനോഭാവം വളരുന്നു. |

**യൂണിറ്റ് : 2 – കുട്ടിപ്പുര** **യൂണിറ്റ് ഫ്രെയിം** **കല – കായിക – ആരോഗ്യ – പ്രവൃത്തിപഠനം**

| ആശയങ്ങൾ, ധാരണകൾ | പ്രക്രിയ/പ്രവർത്തനങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| • വീടിന്റെ ത്രിമാനമാതൃക തയാറാക്കുന്നു. | • പ്രവൃത്തിപഠനം | • വിവിധതരം വീടുകളുടെ മാതൃകകൾ നിർമിക്കുന്നു. |
| • ഫലപ്രദമായി രൂപപ്പെടുത്തുന്ന സംഭാഷണങ്ങൾ ആശയവിനിമയത്തെ ചടുലമാക്കുന്നു. | • നാടകം | • വിവിധതരം വീടുകളുടെ ചിത്രം ശേഖരിച്ച് ആൽബം തയാറാക്കുന്നു. |
| • വിവിധ തൊഴിലുകൾ, പ്രവൃത്തികൾ എന്നിവ അനുകരിക്കുന്നു. | • കളികൾ | • പരിചിതസന്ദർഭങ്ങളെ സംഭാഷണം, ചലനം എന്നിവയിലൂടെ സംഘമായി അവതരിപ്പിക്കുന്നു. |
| • വിവിധതരം കളികളുണ്ട്. കളികൾക്ക് വിനോദസാധ്യതയോടൊപ്പം ചില ചിട്ടകളും നിയമങ്ങളുമുണ്ട്. | • ചിത്രകല | • വിവിധതരം ചെറുകളികളെക്കുറിച്ച് അറിവും പ്രയോഗക്ഷമതയും നേടുന്നു. കളികളിൽ ഏർപ്പെടുന്നു. |
| • ചുറ്റുമുള്ള ദൃശ്യങ്ങളെയും സംഭവങ്ങളെയും ആവിഷ്കരിക്കാനുള്ള ഒരു മാധ്യമമാണ് ചിത്രം. | • സംഗീതം | • അടിസ്ഥാനരൂപങ്ങളുപയോഗിച്ച് പരിചിതരൂപം വരയ്ക്കുന്നു. |
| • കവിതകളും കുട്ടിപ്പാട്ടുകളും ഈണത്തിൽ പാടുന്നത് കുട്ടികളിൽ രസാനുഭൂതിയുളവാക്കുന്നു. | | • കവിതകൾ, കുട്ടിപ്പാട്ടുകൾ എന്നിവ താളത്തോടെ പാടുന്നു. |

## യൂണിറ്റ് ആസൂത്രണ സൂചിക

| പ്രവർത്തനങ്ങൾ | സാമഗ്രികൾ | പ്രകടിതരൂപം/ ഉൽപ്പന്നം |
|---|---|---|
| • (a) കൊളാഷ് നിർമാണം<br>(b) കളിപ്പന്തലൊരുക്കാം<br>(c) കളിവീടു നിർമാണം | (a) മാസികകളിലെ കളർഷീറ്റുകൾ, പശ, കത്രിക, A4 കടലാസ്.<br>(b) സ്ട്രോ. ചാർട്ട്, ട്വൈൻ/നൂൽക്കമ്പി, കളർപേപ്പർ, പശ, ഈർക്കിൽ, തീപ്പെട്ടിക്കൂടുകൾ, സെലോടേപ്പ്, പെട്ടികൾ.<br>(c) വടികൾ, ചരട്, പഴയ സാരി, ഷീറ്റ്, തുടങ്ങിയവ. | കൊളാഷ്<br>കളിപ്പന്തൽ മാതൃക<br>കളിവീട് |
| • ചിത്രവായന, പറയാമോ? | ചിത്രം/വിഡിയോ<br>ടി.ബി. ചിത്രം | ഭാഷണം |
| • വായിക്കാം, പറയാം | | |
| • കഥാപാത്രങ്ങളെ വരയ്ക്കാം. | കടലാസ്, ക്രയോൺസ്, പെൻസിൽ | ചിത്രം |
| • ഉത്തരം കണ്ടെത്താം, ചോദ്യങ്ങൾ ചോദിക്കാം | ടി.ബി. | ഭാഷണം |
| • അറിയാത്ത പദങ്ങൾ | | |
| • അഭിനയിക്കാം | തോർത്ത്/ഷാൾ, പുസ്തകം, ചിരട്ട, വടി, പ്ലേറ്റ് തുടങ്ങിയവ.<br>നറുക്ക് എഴുതിയ സ്ലിപ്പുകൾ, വർക്ക്ഷീറ്റ് - 1<br>കടലാസ്, പെൻസിൽ, ക്രയോൺസ് | ലേഖനം (സംഭാഷണം)<br>അഭിനയം |
| • വീടു വരയ്ക്കാം, നിറം നൽകാം | | ചിത്രം |
| • ചൊല്ലിരസിക്കാം | കളിവീട് - കവിതാചാർട്ട് | ആലാപനം |
| • കഥാവായന | ടി.ബി. | ശ്രാവ്യവായന |
| • എഴുതാം | ചാർട്ട്, മാർക്കർ | ലേഖനം |
| • വീടുനിർമാണം | ചാർട്ട്, കത്രിക | ത്രിമാനവീട് |
| • പറയാം, എഴുതാം | ചാർട്ട് | വിവരണം |
| • വീടിന്റെ പേര് | വായനാസാമഗ്രികൾ | എന്റെ പദശേഖരം |
| • വീടുനിർമാണ വസ്തുക്കൾ | | പട്ടിക |
| • തരംതിരിച്ചെഴുതാം | വർക്ക്ഷീറ്റ് - 5 | വർക്ക്ഷീറ്റ് |
| • വിശേഷണങ്ങൾ ചേർക്കാം | ചാർട്ട് | പദസൂര്യൻ |
| • ചിഹ്നം ചേർക്കാം | ടി.ബി. (പേജ് 34) | |
| • കടങ്കഥകൾ | | |
| • ക്ഷണക്കത്ത് തയാറാക്കാം | ക്ഷണക്കത്ത് മാതൃകകൾ | ക്ഷണക്കത്ത്<br>വർക്ക്ഷീറ്റ് - 6 |
| • സംഭാഷണം എഴുതാം | | ഭാഷണം |
| • എത്ര പദങ്ങൾ | | എന്റെ പദശേഖരം |
| • വൃത്തിയുള്ള വീട് | ചാർട്ട്, ക്രയോൺസ്, കളർ ഷീറ്റുകൾ, പശ, പത്ര മാസികകൾ | പോസ്റ്റർ/ കൊളാഷ് |
| • ആൽബം നിർമിക്കാം | | ആൽബം |
| • കണ്ണാടി | | വിവരണം |
| • വായനച്ചെപ്പ് | | |

## പ്രവർത്തനങ്ങൾ

യൂണിറ്റിലേക്ക് പ്രവേശിക്കാനുള്ള മൂന്നു പ്രവർത്തനങ്ങൾ താഴെ കൊടുത്തിട്ടുണ്ട്. ഉചിതമായ ഒരു പ്രവർത്തനം നൽകിയാൽ മതി.

| കൊളാഷ് നിർമാണം | 1 |
|---|---|

സാമഗ്രികൾ : മാസികകളിലെ കളർ പേജുകൾ, പശ, എ4 പേപ്പർ, കത്രിക

- ആവശ്യമായ സാമഗ്രികൾ ഓരോ ഗ്രൂപ്പിനും നൽകുന്നു.
- വീടും പരിസരവും എന്ന ആശയം വരുന്ന ഒരു കൊളാഷ് തയാറാക്കട്ടെ.
- ടീച്ചർ തയാറാക്കിയ കൊളാഷ് പ്രദർശിപ്പിക്കുന്നു.
- ഗ്രൂപ്പ് ഉൽപ്പന്നങ്ങൾ ഡിസ്പ്ലേ ബോർഡിൽ പ്രദർശിപ്പിക്കുന്നു. മികച്ചത് കണ്ടെത്തുന്നു.
- പോരായ്മകൾ തിരിച്ചറിയാനും മെച്ചപ്പെടുത്താനുമുള്ള അവസരം നൽകുന്നു.

അല്ലെങ്കിൽ

**കളിപ്പന്തലൊരുക്കാം**

**സാമഗ്രികൾ** : സ്ട്രോ, ചാർട്ട്കാർഡ്, ട്വൈൻ/നൂൽക്കമ്പി, കളർപേപ്പറുകൾ, പശ, ഈർക്കിലുകൾ, തീപ്പെട്ടിക്കൂടുകൾ/ചെറിയ പെട്ടികൾ, പാക്കിങ് പെട്ടികൾ, സെലോടേപ്പ് എന്നിവ.

- ഗ്രൂപ്പുകളിൽ ആവശ്യമായ സാമഗ്രികൾ വിതരണം ചെയ്യുന്നു.
- ഓരോ ഗ്രൂപ്പും കളിവീടുകൾ തയാറാക്കി മണൽത്തടത്തിൽ ക്രമീകരിക്കുന്നു.
- മികച്ചവ കണ്ടെത്തുകയും അവയുടെ സവിശേഷതകൾ ചർച്ചചെയ്യുകയും ചെയ്യുന്നു.

അല്ലെങ്കിൽ

**കളിവീട്**

സ്കൂൾ മുറ്റത്ത് ഉചിതമായ സ്ഥലം കണ്ടെത്തി ഒരു കളിവീട് നിർമിക്കൽ.

- കുട്ടികളുമായി ചർച്ച.
- എന്തെല്ലാം ചർച്ചാസൂചകങ്ങൾ?
- എല്ലാവരുടേയും പങ്കാളിത്തം ലഭിക്കത്തക്കവിധം ആസൂത്രണം എങ്ങനെ?
- സ്ഥലം കണ്ടെത്തൽ
- എന്തൊക്കെ സാമഗ്രികൾ? എവിടെനിന്ന് ശേഖരിക്കും?

## ചിത്രവായന — 2

പാഠപുസ്തകത്തിലെ പേജ് 22, 23 നിരീക്ഷിച്ച് കണ്ട കാര്യങ്ങൾ പറയുന്നു.

- വീടുകൾ
- കുന്ന്
- മരങ്ങൾ/ചെടികൾ
- തോട്
- പാലം
- വേലി
- ഫ്ളാറ്റ്/ഉയർന്ന കെട്ടിടം
- ടെന്റ്
- നോട്ട്ബുക്കിൽ എഴുതട്ടെ. ഫ്ളാറ്റ്, ടെന്റ് എന്നിവ അറിയാത്തവർക്കു പരിചയപ്പെടുത്തണം.

## പറയാമോ? — 3

- ചിത്രത്തിൽ കുറേ വീടുകളുണ്ട്. എല്ലാ വീടുകളും ഒരുപോലെയാണോ? എന്തെല്ലാം വ്യത്യാസങ്ങൾ?



- ഈ പ്രവർത്തനം ടി.ബി. പേജ് 38 ൽ 'സവിശേഷതകൾ പറയാം' എന്ന പ്രവർത്തനത്തിന്റെ മുന്നറിവ് പരിശോധിക്കുന്നതിന് ഉദ്ദേശിച്ചുള്ളത് മാത്രമാണ്. ഇവിടെ ഭാഷണത്തിനാണ് പ്രാധാന്യം നൽകുന്നത്. ടി.ബി. പേജ് 38 ൽ പരിസരപഠന പ്രക്രിയകൾക്കാണ് ഊന്നൽ നൽകുന്നത്.

- കുട്ടികൾക്ക് ഒറ്റനോട്ടത്തിൽ കാണാൻ കഴിയുന്ന കാര്യങ്ങൾ അവർ പറയട്ടെ. (വലുപ്പം, മേൽക്കൂരയുടെ വ്യത്യാസം എന്നിവ).
- ഇതിൽ ഏതൊക്കെ തരം വീടുകൾ നിങ്ങളുടെ പരിസരത്തുണ്ട്?
- നിങ്ങൾ വീടിന്റെ മാതൃക (കളിപ്പന്തൽ/കളിവീട്) ഉണ്ടാക്കിയിട്ടുണ്ടോ? മറ്റാരെങ്കിലും നിർമിച്ച കളിവീട് കണ്ടിട്ടുണ്ടോ? - കുട്ടികൾക്ക് അനുഭവം വിവരിക്കാനുള്ള അവസരം നൽകുന്നു.

## പാഠപുസ്തകവായന — 4

- കളിവീടുമായി ബന്ധപ്പെട്ട ഒരു കുട്ടിയുടെ അനുഭവം പാഠപുസ്തകത്തിലുണ്ട്. നിങ്ങൾക്കുള്ള അനുഭവം തന്നെയാണോ സാവിത്രിക്കുട്ടിക്കും ഉള്ളത്?
- ടി.ബി. പേജ് 24, 25, 26 കുട്ടികൾ സ്വതന്ത്രമായി വായിക്കട്ടെ. വായനയിൽ പ്രയാസം നേരിടുന്ന/ആത്മവിശ്വാസം കുറഞ്ഞ കുട്ടികളുടെ പങ്കാളിത്തം ഈ വേളയിൽ എങ്ങനെ ഉറപ്പുവരുത്താം?



വിലയിരുത്തൽ

- മനസ്സിലായ കാര്യങ്ങൾ കുട്ടികൾക്ക് പറയാൻ അവസരം നൽകുന്നു.



**വായന**

വായനയിൽ ഭിന്നനിലവാരത്തിലുള്ള കുട്ടികൾ ഉണ്ടാകും. അത്തരക്കാരെക്കൂടി പരിഗണിച്ചുകൊണ്ടുള്ള ക്ലാസ്മുറി എങ്ങനെയുള്ളതാവും?

ഇതിനായി രണ്ടുതരം സമീപനങ്ങൾ സ്വീകരിക്കേണ്ടിവരും. അവ ഏതൊക്കെയാണെന്ന് നോക്കാം.

1. വായനസാമഗ്രിയുടെ അനുരൂപീകരണം (Material adaptation)
2. പ്രക്രിയയുടെ അനുരൂപീകരണം (Process adaptation)

വായനസാമഗ്രിയുടെ അനുരൂപീകരണം എങ്ങനെയൊക്കെ?

- വായനസാമഗ്രിയെ ആശയപൂർണതയുള്ള ചെറിയ ഭാഗങ്ങളാക്കി നൽകൽ.
- ആശയം ചോർന്നുപോകാതെതന്നെ വായനസാമഗ്രിയെ ലളിതമായ പദങ്ങളുപയോഗിച്ച് മാറ്റിയെഴുതി ഉപയോഗിക്കൽ.
- വായനസാമഗ്രിയുടെ പ്രധാനാശയങ്ങൾ രൂപീകൃതപാഠങ്ങളാക്കി (Evolving texts) വായിപ്പിക്കൽ.
- സമാനമായ ആശയം വരുന്ന ലളിതമായ മറ്റൊരു വായനസാമഗ്രി ഉപയോഗിക്കൽ.

**പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് വേണ്ടി**



- കാഴ്ചവൈകല്യമുള്ളവർക്കായി വലിയ അക്ഷരത്തിൽ വായനസാമഗ്രി പുനർനിർമിക്കുക.
- ഭാഷണവൈകല്യമുള്ളവർക്കായി ശരിയായ ഉച്ചാരണം കേൾക്കാനും ആവർത്തിച്ചു പറയാനുമുള്ള സൗകര്യമൊരുക്കൽ.
- ശ്രവണപ്രശ്നമുള്ളവർക്കായി മുഖം നോക്കി വായന കേൾക്കാനുള്ള അവസരം ഉണ്ടാക്കുക.

പ്രക്രിയയുടെ അനുരൂപീകരണം നടത്തുമ്പോൾ എന്തെല്ലാം സാധ്യതകളാണുപയോഗിക്കുക?

- വ്യക്തിഗതവായന

- പാഠപുസ്തകത്തിലെ ചിത്രസാധ്യതകൾ പ്രയോജനപ്പെടുത്തി ഉള്ളടക്കം ഊഹിക്കൽ.
- വായനസാമഗ്രികളിലെ ആശയം ചിത്രങ്ങളാക്കി മാറ്റി ആശയം പറയിക്കൽ.
- വായിച്ചുകേട്ട ഭാഗത്തിന്റെ ആശയം പറയൽ.
- ഗ്രൂപ്പിൽ/ടീച്ചർ ഉറക്കെ വായിച്ച ഭാഗം കണ്ടെത്തി അടിയിൽ വരയ്ക്കൽ.
- ടീച്ചറോടൊപ്പം വായിക്കൽ
- ഗ്രൂപ്പ് വായന
- ടീച്ചറുടെ സഹായത്തോടെയുള്ള വായന.

ഇതുപോലെ വൈവിധ്യമാർന്ന വായനാതന്ത്രങ്ങൾ സ്വന്തം ക്ലാസിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് ടീച്ചർക്ക് പ്രയോജനപ്പെടുത്താമല്ലോ.

## കഥാപാത്രങ്ങളെ വരയ്ക്കാം, പേരെഴുതാം | 5

- ഈ കഥയിലെ കഥാപാത്രങ്ങൾ ആരൊക്കെ?
- അച്ഛൻ, സാവിത്രിക്കുട്ടി, വേലു, നാണു എന്നിവരാണെന്ന് കണ്ടെത്തുന്നു. വരയ്ക്കുന്നു. താഴെ അവരുടെ പേരെഴുതുന്നു.


നോട്ട് ബുക്കിലേക്ക്

  വരയുടെ ഭംഗിയോ പൂർണതയോ ഇവിടെ കാര്യമായി വിലയിരുത്തേണ്ടതില്ല.

- ആർക്കൊക്കെ കഥാപാത്രങ്ങളുടെ പേര് തെറ്റില്ലാതെ എഴുതാൻ കഴിഞ്ഞു?
- പുസ്തകം നോക്കി എഴുതിയവരാരൊക്കെ?



ഭിന്നനിലവാരമുള്ള കുട്ടികൾക്കായി നടത്താവുന്ന അനുരൂപീകരണങ്ങൾ എന്തൊക്കെയാവും?

- ചിത്രങ്ങളിൽനിന്നും വായിച്ചുകേട്ടതിൽനിന്നും കഥാപാത്രങ്ങളെ കണ്ടെത്തി പറയൽ.
- പറഞ്ഞ കഥാപാത്രത്തിന്റെ പേര് ടീച്ചർ ബി.ബിയിൽ എഴുതുന്നു. അവ ടി.ബിയിൽ എവിടെയെന്നു കണ്ടെത്തുന്നു. എഴുതുന്നു.



## ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താം, പറയാം | 6

- സാവിത്രിക്കുട്ടി കുട്ടിപ്പുരയിൽ എന്തെല്ലാം വേണമെന്നാണ് പറഞ്ഞത്?
- കുട്ടിപ്പുരയിൽ ആരൊക്കെ വേണമെന്നാണ് അവൾ വേലുവിനോടു പറഞ്ഞത്?
- 'അച്ഛൻ' എന്ന് ഉത്തരം വരുന്ന ചോദ്യം എന്തായിരിക്കും?
- 'കുട്ടിപ്പുര' എന്ന ഉത്തരം കിട്ടാൻ ഏതു ചോദ്യം ചോദിക്കണം?

ഉത്തരങ്ങൾ നൽകി ചോദ്യങ്ങൾ ഉണ്ടാക്കാനുള്ള അവസരം നൽകിക്കൂടേ?

കുട്ടികളെ രണ്ട് ഗ്രൂപ്പുകളാക്കുന്നു.


നോട്ട് ബുക്കിലേക്ക്

- ഓരോ ഗ്രൂപ്പും മറ്റേ ഗ്രൂപ്പിനോട് പാഠത്തെ അടിസ്ഥാനമാക്കി ചോദിക്കാവുന്ന ചോദ്യങ്ങൾ കണ്ടെത്തണം.
- പേജ് 24 ൽനിന്ന് മാത്രം എത്ര ചോദ്യങ്ങൾ ഉണ്ടാക്കാം? കുട്ടികൾ കണ്ടെത്തി ചോദിക്കട്ടെ. ശരിയുത്തരം പറയുന്ന ഗ്രൂപ്പിന് പോയിന്റുകൾ നൽകി മത്സരമായി നടത്താം.

**ചോദ്യമാതൃകകൾ**

- സാവിത്രിക്കുട്ടിക്ക് എത്ര വയസ്സുണ്ട്?
- അവൾ ആരെയാണ് പിടിച്ചുവലിച്ചത്?
- എവിടേക്കാണ് പിടിച്ചുവലിച്ചു കൊണ്ടുവന്നത്?
- സാവിത്രിക്കുട്ടി അച്ഛനോട് എന്താണു പറഞ്ഞത്?
- അച്ഛൻ എവിടെയാണ് ഇരുന്നത്?
- അച്ഛൻ എന്താണ് പറഞ്ഞത്?
- അച്ഛൻ ആരോടാണ് പറഞ്ഞത്?

ആശയഗ്രഹണവായനയ്ക്ക് മുമ്പായി ഒന്നിലധികം വായനാനുഭവങ്ങൾ കുട്ടികൾക്ക് ലഭിച്ചുവെന്ന് ഉറപ്പാക്കണം.

ഇതേപോലെ നിശ്ചിത ഭാഗം വായിക്കാൻ ടീച്ചർ നിർദേശിക്കുന്നു. അതിൽ നിന്നു പരമാവധി ചോദ്യങ്ങൾ രണ്ടു ഗ്രൂപ്പും കണ്ടെത്തി ചോദിക്കുന്നു.


വിലയിരുത്തൽ

- ഗ്രൂപ്പിനകത്ത് കുട്ടികളുടെ ഇടപെടൽ
- ചോദ്യങ്ങൾ ചോദിക്കുന്നതിലും ഉത്തരങ്ങൾ പറയുന്നതിലും ഉള്ള പങ്കാളിത്തം ടീച്ചർ വിലയിരുത്തണം. ആവശ്യമെങ്കിൽ ഇടപെടണം.



- ആശയപൂർണതയുള്ള ചെറിയ ഭാഗങ്ങളാക്കി വായനയ്ക്ക് നൽകുന്നതാണ് ഉചിതം.
- ഗ്രൂപ്പിൽ ചിലർ മാത്രം ചോദ്യങ്ങൾ ചോദിക്കുന്നത് ഒഴിവാക്കണം. എല്ലാവർക്കും അവസരം മാറിമാറി നൽകണം. സജീവമാകാതെ മാറിനിൽക്കുന്നവർക്ക് ആദ്യം അവസരങ്ങൾ നൽകണം.


മറ്റു നൈപുണികളുടെ (Skills) സ്വാഭാവികവികസനം നടക്കുന്നവിധം വായനപ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ ആവാം?

## അറിയാത്ത വാക്കുകൾ | 7

- പരിചിതമല്ലാത്ത പദങ്ങൾ ഏതൊക്കെയെന്നു കണ്ടെത്തി അടിയിൽ വരയ്ക്കട്ടെ. ഇതിനായി പാഠഭാഗം വീണ്ടും വായിക്കാൻ അവസരം നൽകാം.
- കുട്ടികൾ അവതരിപ്പിക്കുമ്പോൾ ടീച്ചർ ബോർഡിൽ എഴുതുന്നു.
- തുടർന്ന് ക്ലാസിലെ മറ്റു കുട്ടികൾക്ക് ആർക്കെങ്കിലും ആ പദം പരിചയമുണ്ടോ എന്ന് അന്വേഷിക്കാം. അവർക്ക് വിശദീകരിക്കാൻ/അർഥം പറയാൻ അവസരം നൽകാം.
- ടീച്ചർ ഉദാഹരണങ്ങളിലൂടെ അർഥം ഊഹിക്കാൻ അവസരം നൽകുന്നു. വിശദീകരിക്കുന്നു.

പദങ്ങൾ : ഉമ്മറത്തേക്ക്, അക്ഷമയോടെ, ധൃതിയായി, ഏറിയാൽ, പെരുമഴ, വരാന്ത, കിടപ്പറ, കലവറ, സങ്കൽപ്പത്തിൽ, പരാതി, കൈമലർത്തി, അപേക്ഷിച്ചപ്പോൾ.

ഇത്തരം പദങ്ങൾ ഉപയോഗിച്ച് പുതിയ വാക്യങ്ങൾ ഉണ്ടാക്കി പറയാൻ കുട്ടികൾക്ക് കഴിയില്ലേ?



നോട്ട് ബുക്കിലേക്ക്

ഉദാ: ഉമ്മറത്ത് എന്ന പദമുപയോഗിച്ച് എന്തൊക്കെ പറയാം?

- ഞാൻ രാവിലെ എഴുന്നേറ്റ് ഉമ്മറത്തേക്കു വന്നു.
- പത്രക്കാരൻ ഉമ്മറത്തേക്ക് പത്രം വലിച്ചെറിഞ്ഞു.
- ഉമ്മറത്തെ കസേരയിലിരുന്ന് അമ്മ പത്രം വായിച്ചു.

## അഭിനയിക്കാം | 8

ക്ലാസിന്റെ പല ഭാഗങ്ങളിലായി തോർത്ത്/ഷാൾ, പുസ്തകം, ചിരട്ട, വടി, പ്ലേറ്റ് തുടങ്ങിയ വസ്തുക്കൾ മുൻകൂട്ടി ഒരുക്കിവയ്ക്കണം.

പാഠപുസ്തകത്തിൽ (പേജ് 27) ഏതൊക്കെ കളികളെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്?

ഉദാ: ചോറും കറിയും വച്ചു കളി.



വിലയിരുത്തൽ

- ഈ കളിയിൽ എന്തൊക്കെ സാധനങ്ങൾ വേണം?
- ഏതൊക്കെ കഥാപാത്രങ്ങൾ വേണം?

കുട്ടികൾതന്നെ ആലോചിച്ച് തീരുമാനമെടുക്കട്ടെ. സ്വതന്ത്രമായി അവർ അവതരിപ്പിക്കട്ടെ.

- തുടർന്ന് ചർച്ചയിലൂടെ എങ്ങനെ മെച്ചപ്പെടുത്താമെന്ന് ഫീഡ്ബാക്ക് നൽകാം.
- ഇതേ രീതിയിൽ 'ടീച്ചറും കുട്ടികളും കളി' ആസൂത്രണം ചെയ്ത് അവതരിപ്പിക്കട്ടെ.
- കഴിഞ്ഞ കളിയിൽ നൽകിയ ഫീഡ്ബാക്കുകൾ കുട്ടികൾ പ്രയോജനപ്പെടുത്തിയിരുന്നുവോ?

- ടീച്ചർ ഓരോരുത്തരെ വിളിച്ച് നറുക്ക് എടുക്കാൻ പറയുന്നു. (നറുക്കുകൾ മുൻകൂട്ടി തയാറാക്കിവയ്ക്കണം).
- നറുക്കു കിട്ടിയ കുട്ടി അത് വായിച്ച് അഭിനയിച്ചു കാണിക്കണം - മറ്റുള്ളവർ അതിനെക്കുറിച്ച് അഭിപ്രായം പറയട്ടെ.
- നറുക്കുകളിൽ എന്തൊക്കെയാവാം?


  കൃഷിക്കാരൻ/ ഡ്രൈവർ/ പത്രക്കാരൻ/ വസ്ത്രം അലക്കുന്നു/ മുറ്റം വൃത്തിയാക്കുന്നു/ ഫോൺ ചെയ്യുന്നു.
- ടി.ബിയിൽ അഭിനയക്കളികൾ പൂരിപ്പിക്കുന്നു.
  - അമ്മയും കുഞ്ഞും കളി
  - കോഴിയും മക്കളും കളി

**കണ്ടെത്തി എഴുതാം. 2 മിനിറ്റ് ടിപ്പ് ആക്റ്റിവിറ്റി**

കുട്ടികൾ കണ്ണടയ്ക്കട്ടെ. ടീച്ചറുടെ ആഖ്യാനം അവതരിപ്പിക്കുന്നു (വീട്ടിലെത്തുന്ന ചിന്ത വരത്തക്കവിധം). "ഇപ്പോൾ നിങ്ങൾ നിങ്ങളുടെ വീടിന്റെ മുറ്റത്താണ്. ഉമ്മറപ്പടി കയറുകയാണ്. ഇങ്ങനെ ഓരോ മുറിയിലും കയറുകയാണ്."

നിങ്ങളുടെ വീട്ടിൽ ഏതെല്ലാം മുറികളുണ്ട്? പദസൂര്യൻ പൂർത്തിയാക്കൽ.

**അഭിനയിക്കാം**



വർക്ക്ഷീറ്റ്

വർക്ക്ഷീറ്റ് 1 വിതരണം ചെയ്യുന്നു. കുട്ടികൾ സംഭാഷണം തയാറാക്കുന്നു. പാവ നിർമിക്കുന്നു. 2 പേർ ചേർന്ന് അവതരണം.

പഠനനേട്ടം - സ്വാഭാവിക സന്ദർഭങ്ങളിൽ ആശയത്തുടർച്ചയോടെ സംഭാഷണങ്ങളിൽ ഏർപ്പെടുകയും എഴുതുകയും ചെയ്യുന്നു.

**സാമഗ്രികൾ**

അച്ഛൻ, സാവിത്രിക്കുട്ടി എന്നിവരുടെ വിരൽപ്പാവകൾ.

തനിക്ക് കളിക്കാൻ ഒരു കുട്ടിപ്പുര വേണമെന്നും അതിൽ എന്തൊക്കെ ഉണ്ടായിരിക്കണമെന്നും സാവിത്രിക്കുട്ടി അച്ഛനോട് പറഞ്ഞിട്ടുണ്ടാവും. കഥ തുടങ്ങുന്നതിനു മുമ്പെ നടന്ന ഈ സംഭാഷണത്തിൽ അവർ എന്തൊക്കെ പറഞ്ഞിട്ടുണ്ടാവും? രണ്ടുപേരുടെ ഗ്രൂപ്പിൽ വിരൽപ്പാവ ഉപയോഗിച്ച് സംഭാഷണത്തിൽ ഏർപ്പെടട്ടെ.





വിലയിരുത്തൽ

- ഗ്രൂപ്പിൽ ആലോചിക്കുന്നതിന് വേണ്ടത്ര സമയം നൽകിയ ശേഷം അവതരിപ്പിക്കട്ടെ.
- ഇത് വിലയിരുത്തി ടീച്ചർ രേഖപ്പെടുത്തണം.

**സൂചകങ്ങൾ**


- സന്ദർഭത്തിനനുയോജ്യമായ സംഭാഷണം.
- ആശയത്തുടർച്ചയുണ്ട്.
- ആശയപൂർണതയുണ്ട്.
- കഥാപാത്രങ്ങളുടെ സ്വഭാവത്തിനനുയോജ്യമായ രീതിയിൽ അവതരിപ്പിച്ചിട്ടുണ്ട്.
- ശബ്ദവ്യതിയാനം, ഉച്ചരണസ്ഫുടത, വ്യക്തത എന്നിവയോടെയുള്ള അവതരണം.

## വായിക്കാം, കണ്ടെത്താം 9

സാവിത്രിക്കുട്ടി കണ്ണുതുറന്നുകൊണ്ടു തന്നെ സ്വപ്നം കണ്ടു. സ്വപ്നത്തിലെ വീട്ടിൽ ഏതെല്ലാം മുറികളും സൗകര്യങ്ങളും ഉണ്ടായിരുന്നു?

ടി.ബി വായിച്ച് കണ്ടെത്തുന്നു. അവതരിപ്പിക്കുന്നു. ടി.ബി. പൂരിപ്പിക്കുന്നു.

- മുറികളുടെ ഉപയോഗങ്ങൾ എഴുതാം.


നോട്ട് ബുക്കിലേക്ക്

- ഒരു പഠനപ്രശ്നമായി എങ്ങനെ അവതരിപ്പിക്കാം?

  ടി.ബി. പട്ടിക വായിക്കുന്നു. പൂരിപ്പിച്ചെഴുതുന്നു.

  ഏതാനും പേർ അവതരിപ്പിക്കുന്നു. ചർച്ച, ചർച്ചാചോദ്യങ്ങൾ എന്തെല്ലാം? ക്രോഡീകരണം. കുട്ടിയുടേതാക്കി മാറ്റൽ എങ്ങനെ? ക്രോഡീകരണം.

## വീടു വരയ്ക്കാം, നിറം നൽകാം 10

ചതുരം, ത്രികോണം, വൃത്തം തുടങ്ങിയ അടിസ്ഥാന രൂപങ്ങളുപയോഗിച്ച് പരിചിതമായ ചിത്രങ്ങൾ വരയ്ക്കൽ കലാവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കുട്ടി കൈവരിക്കേണ്ട ഒരു പഠനനേട്ടമാണ്.

- ടി.ബി. പേജ് 28 ലെ ചിത്രം പൂർത്തിയാക്കുന്നു.
- സ്വതന്ത്രമായി വരയ്ക്കുകയും നിറം നൽകുകയും ചെയ്യുന്നു.
- എല്ലാവരുടെയും ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.
- മികച്ചതേത്? അവയുടെ സവിശേഷതകൾ എന്തൊക്കെ? കുട്ടികൾ കണ്ടെത്തി പറയട്ടെ.

**സൂചകങ്ങൾ**

- യോജിച്ച നിറങ്ങൾ ഉപയോഗിച്ചു.
- നിറങ്ങൾ വരയുടെ പുറത്തേക്കു പോയിട്ടില്ല. (കൃത്യത, സൂക്ഷ്മത)
- വരകൾക്കു സ്കെയിൽ ഉപയോഗിച്ചു.
  (ഉപകരണങ്ങൾ ഉപയോഗിക്കൽ)
- വീടിന്റെ ആകൃതിയുമായി സാമ്യമുണ്ട്.
- ഭംഗി/ ആകർഷണീയത


വിലയിരുത്തൽ



ഇത്തരം സവിശേഷതകൾ സ്വന്തം ഭാഷയിൽ കുട്ടികൾ പറയില്ലേ? ഇങ്ങനെ പറയുമ്പോൾ താൻ വരച്ച ചിത്രവുമായി താരതമ്യം ചെയ്ത് മികവുകളും പരിമിതികളും കുട്ടി സ്വയം തിരിച്ചറിയും. അതിനുള്ള സാഹചര്യം ക്ലാസിൽ സൃഷ്ടിക്കാൻ ടീച്ചർക്ക് കഴിയണം.

## ചൊല്ലി രസിക്കാം 11

'കളിവീട്' എന്ന കവിത ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. ടീച്ചറും കുട്ടികളും ചേർന്ന് ഈണത്തോടെ ചൊല്ലി അവതരിപ്പിക്കുന്നു.

സംഘമായും ഒറ്റയ്ക്കും ചൊല്ലട്ടെ.


വർക്ക്ഷീറ്റ്

'കുട്ടിപ്പുര' എന്ന കഥയുടെ രണ്ടാം ഭാഗമാണ് പേജ് 29, 30 കളിൽ കൊടുത്തിട്ടുള്ളത്.

- മുഴുവൻ കുട്ടികളും വ്യക്തിഗതമായി ആത്മവിശ്വാസത്തോടെ വായന സ്വായത്തമാക്കിയോ?
- വ്യക്തിഗത വായനവേളയിൽ പ്രയാസം നേരിടുന്നവർക്ക് എന്തെല്ലാം അനുരൂപീകരണങ്ങൾ ആവശ്യമാണ്?

തുടർന്ന് ടീച്ചർ ഉറക്കെ വായിച്ചുകൊടുക്കുന്നു. ടീച്ചറും കുട്ടികളും ചേർന്ന വായന. വായനയിൽ പിന്നാക്കം നിൽക്കുന്നവർക്ക് നേരത്തേ നിർദേശിച്ച രീതിയിൽ ആവശ്യമായ സഹായങ്ങൾ നൽകണം.

- സാവിത്രിക്കുട്ടിയുടെ കുട്ടിപ്പുരയെക്കുറിച്ച് പാഠത്തിൽ എന്തൊക്കെയാണ് പറഞ്ഞിട്ടുള്ളത്?

- വ്യക്തിഗതമായി വായിക്കുന്നു. ഏതാനും പേർക്ക് ഉറക്കെ വായിക്കാനവസരം നൽകുന്നു. റിലേ വായന പോലുള്ള തന്ത്രങ്ങൾ പ്രയോജനപ്പെടുത്താം.

ഈ ചോദ്യത്തെ വ്യത്യസ്ത നിലവാരമുള്ള കുട്ടികൾക്കു വേണ്ടി ചെറിയ ചെറിയ ചോദ്യങ്ങളാക്കാൻ കഴിയില്ലേ?

- കെട്ടിടത്തിന്റെ ഉയരം എത്ര? എത്ര നിലയുള്ളതാണ് ഈ കെട്ടിടം? മേൽപ്പുര എങ്ങനെയുള്ളതാണ്? ഓരോ ഭാഗത്തും തേച്ചിരിക്കുന്ന ചായങ്ങൾ ഏതൊക്കെ?
- പുര നിൽക്കുന്നതെവിടെ? വീടിന്റെ പേരെന്താണ്? ചുറ്റുമതിൽ എങ്ങനെയാണ്?
- വളപ്പിൽ/തൊടിയിൽ ഏതെല്ലാം മരങ്ങളാണുള്ളത്?
- അവയുടെ പ്രത്യേകതകൾ എന്തെല്ലാം?

വീട്ടിനകത്ത് ആളുകളായി ആരൊക്കെയുണ്ട്?

- അച്ഛൻ എന്താണ് ചെയ്യുന്നത്?
- അമ്മ എന്തുചെയ്യുന്നു?
- എത്ര മക്കൾ ആ വീട്ടിലുണ്ട്?



ചോദ്യങ്ങൾ ചോദിക്കുന്നതിനും ചോദ്യങ്ങൾ ഉണ്ടാക്കുന്നതിനുമുള്ള ശേഷി കുട്ടികളിൽ വളർത്തിയെടുക്കാനുള്ള ബോധപൂർവമായ ശ്രമം നിരന്തരം നടത്തേണ്ടതാണ്.

ചോദ്യങ്ങൾ ചോദിക്കുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണം?

- വൈവിധ്യമാർന്ന ചോദ്യങ്ങൾ തിരഞ്ഞെടുക്കുക.
- ചോദ്യങ്ങൾ ക്ലാസിന് മൊത്തമായി ചോദിക്കുക.
- ഉത്തരം കണ്ടെത്തുന്നതിനാവശ്യമായ ചിന്താസമയം ഉറപ്പുവരുത്തുക.

- പെൺമക്കൾ ഓരോരുത്തരും ചെയ്യുന്നതെന്ത്?

കുടുംബാംഗങ്ങളുടെ വേഷങ്ങൾ എന്തൊക്കെയാണ്?

- അമ്മ അണിഞ്ഞിരിക്കുന്നതെന്ത്?
- തുന്നൽപ്പണി ചെയ്യുന്ന മകളുടെ വേഷം എന്താണ്?
- വായിക്കുന്ന മകൾ എന്താണ് ധരിച്ചിരിക്കുന്നത്?
- വീണമീട്ടുന്ന മകളുടെ വസ്ത്രത്തെക്കുറിച്ച് എന്താണ് പറഞ്ഞിരിക്കുന്നത്?

- ഇത്തരം ചോദ്യങ്ങളിലൂടെ ആശയഗ്രഹണം എത്രമാത്രം നടന്നിട്ടുണ്ടെന്ന് വിലയിരുത്തുന്നു.
- ടീച്ചർ വീണ്ടും ഉറക്കെ വായിച്ചുകൊടുക്കുന്നു.



*പാരായണം*

ശ്രവ്യവായന (Loud reading) യുടെ പ്രസക്തി

അക്ഷരങ്ങളുടെയും പദങ്ങളുടെയും ശരിയായ ഉച്ചാരണം തിരിച്ചറിയുന്നത് വായന കേൾക്കുന്നതിലൂടെയാണ്. ഉച്ചാരണത്തിലെ വ്യത്യാസങ്ങൾ തിരിച്ചറിഞ്ഞ് പ്രയോഗിക്കാൻ ശ്രവ്യവായനയിലൂടെ കഴിയണം. ഉറക്കെ വായിക്കുമ്പോൾ ആവശ്യമായ സന്ദർഭങ്ങളിൽ ശബ്ദവ്യതിയാനം വരുത്തേണ്ടിവരും.

- ചോദ്യങ്ങൾ ചോദിക്കുമ്പോൾ.
- കഥാപാത്രങ്ങളുടെ സംഭാഷണസന്ദർഭങ്ങളിൽ.
- ഭാവം പ്രതിഫലിപ്പിക്കുന്ന തരത്തിൽ.
- കഥാപാത്രങ്ങളുടെ സ്വഭാവത്തിനനുസരിച്ച്, സന്ദർഭത്തിന്റെ പ്രത്യേകതയനുസരിച്ച്.

വായനസാമഗ്രിയിൽ ഉപയോഗിച്ചിട്ടുള്ള ചിഹ്നങ്ങൾ (Punctuation marks) ഉറക്കെയുള്ള വായനയിൽ പ്രധാനപ്പെട്ടതാണ്. ചിഹ്നങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത് തിരിച്ചറിഞ്ഞ് വായിക്കാൻ കഴിയുമ്പോഴാണ് പാരായണം മികച്ചതാവുന്നത്. എഴുത്തിലൂടെ പ്രകടമാക്കാനുദ്ദേശിച്ച വികാരം പ്രതിഫലിപ്പിക്കാൻ പാരായണം നടത്തുന്നയാൾക്ക് കഴിയണം. 'ഹായ്!' എന്ന് ആശ്ചര്യ ഭാവം തോന്നിപ്പിക്കാതെ നിർവികാരമായി വായിക്കുന്നത് ഒന്നാലോചിച്ചുനോക്കൂ.

ഉച്ചാരണശുദ്ധി, ഭാവം, ശബ്ദവ്യതിയാനം എന്നിവയോടെ ആശയം തിരിച്ചറിഞ്ഞ്, നിർത്തേണ്ടിടത്ത് നിർത്തി വായിക്കുന്നത് കേൾക്കാനുള്ള നിരവധി അനുഭവങ്ങൾ കുട്ടിക്ക് ലഭിക്കണം. ടീച്ചർ മാതൃകയായി വായിക്കുന്നത് കേൾക്കുന്നതും റേഡിയോ, ടേപ്പ് റിക്കാർഡർ മുതലായവ ഉപകരണങ്ങൾ വഴി ശ്രവ്യാനുഭവങ്ങൾ നൽകുന്നതും ഇതിന് സഹായിക്കും.

കുട്ടികൾക്ക് പാരായണം നടത്താനുള്ള അവസരങ്ങൾ ക്ലാസിലും പുറത്തും ഒരുക്കിക്കൊടുക്കണം. എന്തൊക്കെ പ്രവർത്തനങ്ങൾ ഇതിനായി നൽകാം?

- പാഠപുസ്തകം ഉറക്കെ വായിക്കൽ.
- അസംബ്ലിയിൽ വാർത്തകൾ വായിച്ചവതരിപ്പിക്കൽ.
- ബാലമാസികകൾ/ലൈബ്രറി പുസ്തകങ്ങൾ ഉറക്കെ വായിക്കൽ.
- പാരായണമത്സരങ്ങൾ
- ഡയറി/റിപ്പോർട്ട്/അറിയിപ്പുകൾ/നോട്ടീസ് വായിക്കൽ.
- അപരിചിതപദങ്ങൾ കണ്ടെത്താം.
- കുട്ടികൾക്ക് പരിചിതമല്ലാത്ത പദങ്ങൾ കണ്ടെത്താൻ വേണ്ടി പാഠപുസ്തകം വായിക്കുന്നു.
- പരിചിതമല്ലാത്ത പദങ്ങൾക്കടിയിൽ വരയ്ക്കുന്നു.

  ചർച്ചയിലൂടെയും ഉദാഹരണങ്ങളിലൂടെയും അർഥം കണ്ടെത്തുന്നു.

  - ചെഞ്ചായം - നനുത്ത - വേഷ്ടി - ജാക്കറ്റ് - നാളികേരം

*എന്റെ പദശേഖരം*

ഓരോ യൂണിറ്റിലും കുട്ടികൾ ചില പുതിയ പദങ്ങൾ പരിചയപ്പെടുന്നുണ്ട്. ക്രമേണ ഇത് വളർന്നുവരുന്ന പദശേഖരമായി മാറണം. ക്ലാസിൽ ഇതിനായി 'വളരുന്ന പദശേഖര'ത്തിന്റെ ചാർട്ടുകൾ സൂക്ഷിക്കാവുന്നതാണ്. കുട്ടികൾ നടത്തുന്ന രചനകളിൽ പുതുതായി സ്വായത്തമാക്കിയ പദങ്ങൾക്ക് സാധ്യതയുണ്ടോ എന്നു നോക്കി പദശേഖര ചാർട്ടിലേക്ക് ശ്രദ്ധക്ഷണിക്കാൻ ടീച്ചർ ശ്രമിക്കണം.




## എഴുതാം | 13

- കുട്ടിപ്പുരയുടെ ചുറ്റുമുള്ള തൊടിയിൽ എന്തൊക്കെയുണ്ട്?
- ടി.ബി. പേജ് 30 ലെ ചോദ്യവും ഉത്തരവും നോട്ട്പുസ്തകത്തിൽ എഴുതട്ടെ.
- ഏതാനും പേർ അവതരിപ്പിക്കുന്നു. ചർച്ചയിലൂടെ ലഭിച്ച ആശയങ്ങൾ ചേർത്ത് ഉത്തരം മെച്ചപ്പെടുത്തി എഴുതുന്നു.

**എന്തൊക്കെ ചായങ്ങൾ?**

ടി.ബി. പേജ് 30 ലെ ഭാഗം, ടി.ബി. വായിച്ചുകണ്ടെത്തി പൂരിപ്പിക്കട്ടെ.


നോട്ട് ബുക്കിലേക്ക്

ചുവര് - വെള്ളച്ചായം

നിലം - കറുത്ത ചായം

വാതിൽ - നീലച്ചായം

- നീലച്ചായം തേച്ച എന്തൊക്കെ വസ്തുക്കൾ കുട്ടിപ്പുരയിലുണ്ട്? മറ്റെന്തെല്ലാം പറയാനാവും?

## വേഷം എന്ത്? 14

വർക്ക്ഷീറ്റ് 4 നൽകുന്നു.


വിലയിരുത്തൽ

കുട്ടിപ്പുരയിൽ ആരെല്ലാമാണുള്ളത്? എല്ലാവരുടെയും വേഷം ഒന്നുതന്നെയാണോ? വായിച്ചു കണ്ടെത്തുന്നു.

പേജ് 31 ലെ പട്ടിക പൂരിപ്പിക്കുന്നു.

## വീടു നിർമിക്കാം 15

ഒന്നാംതരത്തിൽ ദ്വിമാനരൂപമുള്ള വീടു കുട്ടികൾ നിർമിച്ചിട്ടുണ്ടല്ലോ. ഇവിടെ ത്രിമാന വീട് നിർമിക്കാനുള്ള പ്രവർത്തനമാണ് നൽകിയിട്ടുള്ളത്.

പ്രവൃത്തിപഠനത്തിന്റെ ഭാഗമായി ത്രിമാനവീടു നിർമിക്കുന്നത് ഒരു പഠനനേട്ടമായി രൂപപ്പെടേണ്ടതാണ്.

പ്രവർത്തനക്രമം

- എല്ലാവർക്കും സമചതുരാകൃതിയിലുള്ള കടലാസ് നൽകുന്നു.
- കടലാസിനെ രണ്ടായി മടക്കുന്നു. നിവർത്തിയശേഷം രണ്ടറ്റവും മധ്യഭാഗത്തെ മടക്കുവരയിലേക്കു മടക്കുന്നു.
- വീണ്ടും കടലാസ് നിവർത്തിവച്ച് ഇതേ രീതിയിൽ എതിർവശത്തേക്കും മടക്കുന്നു.

  ഇപ്പോൾ കടലാസിൽ 16 സമചതുരങ്ങൾ രൂപപ്പെട്ടിട്ടില്ലേ?
- കടലാസ് രണ്ടായി മടക്കുന്നു. തുറന്ന അറ്റത്ത് മൂന്നു മടക്കുകളും പകുതി ഭാഗം വരെ (ചിത്രം നോക്കുക) കത്രികകൊണ്ട് മുറിക്കുക.

  മുറിച്ച ഏതെങ്കിലും ഒരു ഭാഗത്തെ നടുവിലുള്ള രണ്ടു ചതുരങ്ങളും ഒന്നിനുമുകളിൽ ഒന്ന് പൂർണമായും കയറിനിൽക്കുന്നവിധം ഒട്ടിച്ചുവയ്ക്കുക. ഇതേപോലെ എതിർവശത്തും ചെയ്യുക.

  ഇനി ഓരോ വശത്തും ബാക്കിനിൽക്കുന്ന രണ്ടു ചതുരങ്ങളും നേരെ നിൽക്കും വിധം ഒട്ടിക്കുക. (ചിത്രം നോക്കുക)

  മേൽക്കൂര പുറത്തേക്കു തള്ളിനിൽക്കുന്ന വലുപ്പത്തിൽ മുറിച്ചെടുത്ത കടലാസ് (നിറമുള്ളത്) ഒട്ടിക്കുക.

  വാതിൽ, ജനൽ എന്നിവ നിറമുള്ള കടലാസ് മുറിച്ചെടുത്ത് ഒട്ടിച്ചു ഭംഗിയാക്കാം. വരച്ചുചേർക്കുകയും ചെയ്യാം.
- എന്തൊക്കെ വിലയിരുത്തണം?

സ്വയം വിലയിരുത്താം


വിലയിരുത്തൽ

- നിർദേശങ്ങൾ കേട്ട് അതനുസരിച്ച് പ്രവർത്തിക്കാൻ കഴിയുന്നുണ്ട്.
- മടക്കുകളുടെ കൃത്യത.
- ഉപകരണങ്ങൾ ഉപയോഗിക്കുന്നതിലുള്ള സൂക്ഷ്മത/വൈദഗ്ധ്യം.
- ഉൽപ്പന്നത്തിന്റെ ആകർഷണീയത.
- ഉൽപ്പന്നത്തിന്റെ പൂർണത.


വീടുനിർമിച്ചു കഴിഞ്ഞശേഷം എന്തൊക്കെ തുടർപ്രവർത്തന സാധ്യതകൾ?

- ക്ലാസ്മുറിയിൽ തറയിലോ/മണൽത്തടത്തിലോ കുറേ വീടുകൾ നിരനിരയായി ക്രമീകരിച്ച് ഒരു തെരുവു തന്നെ ഉണ്ടാക്കാൻ കഴിയില്ലേ?
- വീടുകൾക്ക് പേരുകൾ നൽകൽ.
- നിർമിച്ച വീടുകളെക്കുറിച്ച് സംസാരിക്കൽ.
- വീടിനെക്കുറിച്ച് പാട്ടുകൾ പാടൽ.
- മേൽക്കൂരയിൽ വൈക്കോൽ തുണ്ടുകൾ, തെങ്ങോലയുടെ കണ്ണികൾ മെടഞ്ഞത്, ഇലകൾ മുതലായവ ഒട്ടിച്ചുവയ്ക്കൽ.

## പറയാം, എഴുതാം 16



- കുട്ടിപ്പുരയെക്കുറിച്ചുള്ള വിവരണം തയാറാക്കുകയാണ് ഈ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്.
  - പാഠത്തിൽ പറഞ്ഞ കാര്യങ്ങൾ വ്യക്തിഗതമായി ഒന്നുകൂടി വായിക്കുന്നു.
  - വായിച്ച് ഓരോരുത്തരായി ഒന്നു വീതം കാര്യങ്ങൾ പറയട്ടെ. തുടർന്ന് ബ്ലാക്ക്ബോർഡിൽ ടീച്ചർ ആശയഭൂപടം രൂപീകരിക്കുന്നു.


നോട്ട് ബുക്കിലേക്ക്

  - വിട്ടുപോയവയുണ്ടെങ്കിൽ ഉചിതമായ ചോദ്യങ്ങളിലൂടെ ശ്രദ്ധയിൽ കൊണ്ടുവരണം.
  - വ്യക്തിഗതമായി സ്വന്തം ഭാഷയിൽ വിവരണം എഴുതുന്നു.
  - ഇവിടെ ആർക്കൊക്കെ എന്തു സഹായമാണ് വേണ്ടിവരിക?


വിലയിരുത്തൽ

ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.

ചാർട്ടിൽ ഗ്രൂപ്പിന്റെ രചന തയാറാക്കുന്നു.

അവതരിപ്പിക്കുന്നു.

ശരാശരി നിലവാരമുള്ള ഒരു രചന എഡിറ്റിങ്ങിന് വിധേയമാക്കുന്നു.

അക്ഷരത്തെറ്റുകൾക്കടിയിൽ വരയിട്ട് ഇങ്ങനെയാണോ ഇത് എഴുതേണ്ടത് എന്നു ചോദിച്ചുകൊണ്ട് കുട്ടികൾക്കു തന്നെ തിരുത്താനവസരം നൽകണം.

സ്വയം വിലയിരുത്താം



വിലയിരുത്തൽ

- നിർദേശങ്ങൾ കേട്ട് അതനുസരിച്ച് പ്രവർത്തിക്കാൻ കഴിയുന്നുണ്ട്.
- മടക്കുകളുടെ കൃത്യത.
- ഉപകരണങ്ങൾ ഉപയോഗിക്കുന്നതിലുള്ള സൂക്ഷ്മത/വൈദഗ്ധ്യം.
- ഉൽപ്പന്നത്തിന്റെ ആകർഷണീയത.
- ഉൽപ്പന്നത്തിന്റെ പൂർണത.

വീടുനിർമിച്ചു കഴിഞ്ഞശേഷം എന്തൊക്കെ തുടർപ്രവർത്തന സാധ്യതകൾ?

- ക്ലാസ്മുറിയിൽ തറയിലോ/മണൽത്തടത്തിലോ കുറേ വീടുകൾ നിരനിരയായി ക്രമീകരിച്ച് ഒരു തെരുവു തന്നെ ഉണ്ടാക്കാൻ കഴിയില്ലേ?
- വീടുകൾക്ക് പേരുകൾ നൽകൽ.
- നിർമിച്ച വീടുകളെക്കുറിച്ച് സംസാരിക്കൽ.
- വീടിനെക്കുറിച്ച് പാട്ടുകൾ പാടൽ.
- മേൽക്കൂരയിൽ വൈക്കോൽ തുണ്ടുകൾ, തെങ്ങോലയുടെ കണ്ണികൾ മെടഞ്ഞത്, ഇലകൾ മുതലായവ ഒട്ടിച്ചുവയ്ക്കൽ.

## പറയാം, എഴുതാം 16

- കുട്ടിപ്പുരയെക്കുറിച്ചുള്ള വിവരണം തയാറാക്കുകയാണ് ഈ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്.
  - പാഠത്തിൽ പറഞ്ഞ കാര്യങ്ങൾ വ്യക്തിഗതമായി ഒന്നുകൂടി വായിക്കുന്നു.
  - വായിച്ച് ഓരോരുത്തരായി ഒന്നു വീതം കാര്യങ്ങൾ പറയട്ടെ. തുടർന്ന് ബ്ലാക്ക്ബോർഡിൽ ടീച്ചർ ആശയഭൂപടം രൂപീകരിക്കുന്നു.



നോട്ട് ബുക്കിലേക്ക്

  - വിട്ടുപോയവയുണ്ടെങ്കിൽ ഉചിതമായ ചോദ്യങ്ങളിലൂടെ ശ്രദ്ധയിൽ കൊണ്ടുവരണം.
  - വ്യക്തിഗതമായി സ്വന്തം ഭാഷയിൽ വിവരണം എഴുതുന്നു.
  - ഇവിടെ ആർക്കൊക്കെ എന്തു സഹായമാണ് വേണ്ടിവരിക?



വിലയിരുത്തൽ

ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.

ചാർട്ടിൽ ഗ്രൂപ്പിന്റെ രചന തയാറാക്കുന്നു.

അവതരിപ്പിക്കുന്നു.

ശരാശരി നിലവാരമുള്ള ഒരു രചന എഡിറ്റിങ്ങിന് വിധേയമാക്കുന്നു.

അക്ഷരത്തെറ്റുകൾക്കടിയിൽ വരയിട്ട് ഇങ്ങനെയാണോ ഇത് എഴുതേണ്ടത് എന്നു ചോദിച്ചുകൊണ്ട് കുട്ടികൾക്കു തന്നെ തിരുത്താനവസരം നൽകണം.

ആവർത്തിക്കുന്ന പദങ്ങളുണ്ടെങ്കിൽ (Excess words) അവയും ആവശ്യമായ ചിഹ്നങ്ങൾ (Punctuations) ചേർത്തിട്ടില്ലെങ്കിൽ അവയും കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് തിരുത്തുകയാണ് വേണ്ടത്. അക്ഷരത്തെറ്റുകൾ, വാക്യഘടന, ചിഹ്നം തുടങ്ങിയവ എഡിറ്റിങ്ങിൽ പരിഗണിക്കണം.

## വീടിന്റെ പേര് 17

- കുട്ടിപ്പുരയുടെ മുൻവശത്തെ ഗേറ്റിൽ എഴുതിയ പേര് (പ്രസാദം) രേഖപ്പെടുത്താൻ അവസരം നൽകുന്നു.
- 'പ്ര' എന്ന അക്ഷരം ആവർത്തിച്ചുവരുന്ന വായനസാമഗ്രി (ചാർട്ട്) അവതരിപ്പിക്കുന്നു.

  ഉദാ:- പ്രഭാതമായി. എങ്ങും സൂര്യപ്രകാശം പരന്നു. പ്രിയമോൾ ഉണർന്നു. ഉമ്മറത്തേക്ക് വന്നു. അതാ മുറ്റത്ത് രണ്ട് അരിപ്രാവുകൾ.


നോട്ട് ബുക്കിലേക്ക്

  'പ്ര' എന്ന അക്ഷരം വരുന്ന ഏതൊക്കെ പദങ്ങൾ?

  കുട്ടികൾ വാക്കുകൾ പറയട്ടെ.

  പദങ്ങളുടെ തുടക്കത്തിലും മധ്യത്തിലും ഒടുക്കത്തിലും 'പ്ര' വരുന്നവ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കണം.

  - പ്രഭാതം - പ്രകാശം - പ്രവൃത്തി - പ്രിയം - പ്രിൻസ്
  - കൊപ്ര - അമ്പലപ്രാവ് - നിഷ്പ്രയാസം - ഏപ്രിൽ
  - വെപ്രാളം - ഇപ്രകാരം - ഇപ്രാവശ്യം - അരിപ്രാവ്

- വാക്കുകൾ ഉപയോഗിച്ച് ചില വാക്യങ്ങൾ പറയട്ടെ.
- കുട്ടികൾ അവരവരുടെ വീട്ടുപേര് പറയട്ടെ. തുടർന്ന് സ്വന്തം വീട്ടുപേര് എഴുതട്ടെ. രണ്ടോ മൂന്നോ കൂട്ടുകാരുടെ വീട്ടുപേരുകളും ടി.ബിയിൽ എഴുതിച്ചേർക്കുന്നു.

## വീടുനിർമാണ വസ്തുക്കൾ 18

- വീടുനിർമാണം നടക്കുന്ന സ്ഥലത്തേക്ക് ഒരു ഫീൽഡ് ട്രിപ്പ് നടത്താൻ കഴിയില്ലേ? നിർമിച്ചു കഴിഞ്ഞ ഒരു വീടും സന്ദർശിക്കാവുന്നതാണ്.



ഫീൽഡ്ട്രിപ്പ് ആസൂത്രണം

- പഠനലക്ഷ്യം നേടുന്നതിന് ഉചിതമായ സ്ഥലം തിരഞ്ഞെടുക്കൽ.
- അവിടെ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മുൻകൂട്ടി കുട്ടികളുമായി സംസാരിക്കണം.
- നോട്ട്പുസ്തകത്തിൽ എഴുതേണ്ടതുണ്ടെങ്കിൽ നിർദേശം നൽകണം.

വീടിന്റെ ഭാഗങ്ങളും ഓരോ ഭാഗവും നിർമിക്കാനുപയോഗിക്കുന്ന വസ്തുക്കളും ക്ലാസിൽ ചർച്ചചെയ്യുന്നു.

- തറ, ചുവര്, നിലം, മേൽക്കൂര, വാതിൽ, ജനൽ എന്നിവ നിർമിക്കാനുപയോഗിച്ച വസ്തുക്കൾ പാഠപുസ്തകത്തിലെ കളത്തിൽനിന്നു കണ്ടെത്തട്ടെ.



നോട്ട് ബുക്കിലേക്ക്

- മരം, ടൈൽസ്, കരിങ്കല്ല്, കല്ല്, ഇഷ്ടിക, മണ്ണ്, കമ്പി, സിമന്റ്, പെയിന്റ്, വെള്ളം, ഓട്, ഓല, മുള
- കണ്ടെത്തിയ വാക്കുകൾക്ക് മഞ്ഞനിറം നൽകട്ടെ. മുഴുവൻ പദങ്ങളും കണ്ടെത്തി നിറം കൊടുത്താൽ ഒരു കോൺക്രീറ്റ് വീടിന്റെ ചിത്രം കിട്ടും.
- പട്ടികയിൽ കണ്ടെത്തിയ വാക്കുകൾ നോട്ട്പുസ്തകത്തിൽ എഴുതട്ടെ.

## തരംതിരിച്ചെഴുതാം 19

- എഴുതിയ വാക്കുകളിൽ ഓരോന്നും വീടിന്റെ ഏതു ഭാഗം നിർമിക്കാൻ ഉപയോഗിക്കുന്നു എന്നു പട്ടികപ്പെടുത്തട്ടെ.

പട്ടികയുടെ അപഗ്രഥനം എങ്ങനെ നടത്തും?


എന്തെല്ലാം സൂചനാചോദ്യങ്ങൾ (പട്ടികയിൽനിന്ന് വിവരങ്ങൾ ലഭിക്കാൻ) ചോദിക്കണം?



ഈ പ്രവർത്തനത്തിലൂടെ കുട്ടികൾ നേടുന്ന ധാരണകൾ ക്രോഡീകരിക്കുകയും അവ നോട്ട്പുസ്തകത്തിൽ കണ്ടെത്തലുകളായി എഴുതുകയും ചെയ്യട്ടെ.

### ക്രോഡീകരണം

- വീടിന് വിവിധ ഭാഗങ്ങളുണ്ട്.
- വീട് നിർമിക്കാൻ പല വസ്തുക്കളും ഉപയോഗിക്കുന്നു.



വർക്ക്ഷീറ്റ്

### ഉപയോഗം എഴുതാം

വർക്ക്ഷീറ്റ് - 5 വിതരണം ചെയ്യുന്നു.

## വിശേഷണങ്ങൾ ചേർക്കാം 20

'സാരി' എന്ന പദത്തെ വിശേഷിപ്പിക്കുന്നതിനുപയോഗിച്ച് വാക്കാണ് 'മഞ്ഞ' എന്ന വാക്ക്.

ഇതുപോലെ പാഠപുസ്തകത്തിൽ പല വാക്കുകളും വിശേഷണങ്ങളായി ഉപയോഗിച്ചിട്ടുണ്ട്.

മഴയുടെ ശക്തികാണിക്കാൻ 'പെരുമഴ' എന്നുപയോഗിച്ചിരിക്കുന്നു.


- സുന്ദരമായ കുട്ടിപ്പുര.
- നനുത്ത വസ്ത്രം.
- പൊൻപൂക്കൾ വിരിഞ്ഞുനിൽക്കുന്ന ചെമ്പകമരം.

ഇതുപോലെ എത്ര പദങ്ങൾ പറയാൻ കഴിയും?

- നനഞ്ഞ തുണി.
- നീണ്ട വാൽ.
- ഒരു വാക്കിനെ വിശേഷിപ്പിക്കുന്ന ഏതൊക്കെ പദങ്ങൾ കണ്ടെത്താം?

ഉദാ:

പരുപരുത്ത
കമ്പിളി
മിനുസമുള്ള
നനഞ്ഞ
തുണി
വീതിയുള്ള
കീറിയ
കട്ടിയുള്ള
കറുത്ത


നോട്ട് ബുക്കിലേക്ക്

- ചാർട്ടിൽ എഴുതി ഉറക്കെ വായിക്കാൻ അവസരം നൽകുന്നു.
- നോട്ട്പുസ്തകത്തിൽ എഴുതുന്നു.

- കുട്ടികൾക്ക് പരിചിതമായ പദങ്ങൾ ഉപയോഗിച്ച് വിശേഷണപദങ്ങൾ ചേർത്ത് എഴുതാനും അവ വാക്യങ്ങളായി എഴുതാനും അവസരം നൽകണം.


വിലയിരുത്തൽ


ഈ ഘട്ടത്തിൽ കുട്ടികളുടെ സ്വതന്ത്ര എഴുത്ത് വിലയിരുത്തണം.

## ചിഹ്നങ്ങൾ ചേർത്ത് എഴുതാം | 21


പാഠപുസ്തകത്തിലെ ഏതാനും വാക്യങ്ങൾ നൽകിയിരിക്കുന്നു. ചില പദങ്ങൾക്ക് അടിയിൽ വരച്ചിരിക്കുന്നു. (ടി.ബി. പേജ് 34). സ്വരചിഹ്നങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. വിട്ടുപോയ ചിഹ്നങ്ങൾ ചേർത്ത് ആ വാക്കുകൾ മാറ്റി എഴുതൂ.

എഴുതുന്നതിന് മുമ്പായി കുട്ടികൾക്ക് വായിക്കാനും ഊഹിക്കാനും അവസരം നൽകണം.

- രാത്രി
- വരാന്തയും
- ഊണുമുറിയും
- സ്വപ്നം
- കുളിമുറി
- സുന്ദരമായ
- കുട്ടിപ്പുര


നോട്ട് ബുക്കിലേക്ക്

- എല്ലാ കുട്ടികൾക്കും ചിഹ്നങ്ങൾ യഥാസ്ഥാനത്ത് ചേർത്ത് ഉപയോഗിക്കാൻ കഴിയുന്നുണ്ടോ?
  - സ്വരചിഹ്നങ്ങൾ ഒഴിവാക്കി എഴുതിയ പദങ്ങൾ, വാക്യങ്ങൾ, ലഘു കഥകൾ എന്നിവ അത്തരക്കാർക്കായി ഉപയോഗിക്കാം.


വിലയിരുത്തൽ



- എന്തിനാണ് കുട്ടികൾക്ക് കടങ്കഥകൾ പരിചയപ്പെടുത്തുന്നത്?

വസ്തുതകൾ നേരിട്ടു പറയാതെ പൊതിഞ്ഞു പറയുന്ന രീതിയാണ് കടങ്കഥകൾക്ക്. ഇത്തരം ഭാഷാകേളികളിൽ ഏർപ്പെട്ടുകൊണ്ട് സമാനതകളിൽ നിന്നോ സവിശേഷതകളിൽ നിന്നോ അപഗ്രഥിച്ച് ഉത്തരം കണ്ടെത്താനുള്ള കഴിവാണ് കുട്ടി നേടേണ്ടത്.

ഉയർന്ന ക്ലാസുകളിൽ കവിതാരചനകളിൽ ബിംബങ്ങളും കാവ്യകല്പനകളും പ്രയോഗിക്കുന്നതിന്റെ ആദ്യപാഠങ്ങളായി കടങ്കഥകളെ കാണാവുന്നതാണ്.

## കടങ്കഥകൾ 22

- വീടുമായോ വീടിന്റെ ഭാഗങ്ങളുമായോ ബന്ധപ്പെട്ട കടങ്കഥകൾ കണ്ടെത്തി പറയാനും പങ്കുവയ്ക്കാനും അവസരം നൽകാം.
  - അകത്തിരുന്നു പുറത്തേക്ക് കാലുനീട്ടി - ഓവ്
  - പുഴയിലുണ്ട് മഴയിലില്ല<br>കരയിലുണ്ട് കടലിലില്ല - പുര




നോട്ട് ബുക്കിലേക്ക്

വീട്ടുപകരണങ്ങളുമായി ബന്ധപ്പെട്ട മറ്റു കടങ്കഥകളും അവതരിപ്പിക്കാം.



## ക്ഷണക്കത്ത് തയാറാക്കാം 23

- ആഖ്യാനം വ്യക്തിഗതമായി വായിക്കുന്നു.
- ആശയഗ്രഹണത്തിനാവശ്യമായ ചോദ്യങ്ങൾ ചോദിക്കുന്നു.
- ക്ഷണക്കത്തിൽ എന്തൊക്കെ ഉണ്ടാവണമെന്ന് ചർച്ചചെയ്യുന്നു.
- യഥാർഥ ക്ഷണക്കത്തിന്റെ മാതൃകകൾ ക്ലാസിൽ വിതരണം ചെയ്യുന്നു. എന്തൊക്കെ കാര്യങ്ങൾ അതിൽ ഉണ്ടെന്ന് കണ്ടെത്തി പങ്കുവയ്ക്കുന്നു.



നോട്ട് ബുക്കിലേക്ക്

- ക്ഷണക്കത്ത് വ്യക്തിഗതമായി തയാറാക്കുന്നു.
- ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു.
- ചാർട്ടിൽ എഴുതി അവതരിപ്പിക്കുന്നു.



വിലയിരുത്തൽ

- മെച്ചപ്പെടുത്തി എഴുതൽ
- എഡിറ്റിങ്

വർക്ക്ഷീറ്റ് 6



വർക്ക്ഷീറ്റ്

## സംഭാഷണം എഴുതാം 24

- ഗോകുലും സാവിത്രിക്കുട്ടിയും തമ്മിലുള്ള സംഭാഷണഭാഗം വ്യക്തിഗതമായി വായിക്കുന്നു.

- ഏതാനും പേർ അവതരിപ്പിക്കുന്നു.
- ശബ്ദവ്യതിയാനം, ഭാവം എന്നിവയോടെ ടീച്ചർ സംഭാഷണം അവതരിപ്പിക്കുന്നു.
- ടീച്ചറും കുട്ടികളും ചേർന്നു വായിക്കുന്നു.
- തുടർന്ന് എന്തൊക്കെ സംസാരിച്ചിട്ടുണ്ടാവും?
- കുട്ടികൾ സംഭാഷണം രൂപീകരിച്ചു പറയട്ടെ.
- വ്യക്തിഗതമായി ടി.ബിയിൽ എഴുതുന്നു.


നോട്ട് ബുക്കിലേക്ക്

## എത്ര പദങ്ങൾ? 25

വീടുമായി ബന്ധപ്പെട്ട് നിരവധി പദങ്ങൾ കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ടാവും. അവ നോട്ട് പുസ്തകത്തിൽ എഴുതട്ടെ.

– എഴുതുന്നതിനു മുമ്പ് പറയാൻ അവസരം നൽകേണ്ടതല്ലേ?


നോട്ട് ബുക്കിലേക്ക്

എന്തൊക്കെ എഴുതാം?

- വീടിന്റെ മുറികൾ/ഭാഗങ്ങൾ
- വീടുനിർമാണ വസ്തുക്കൾ
- വീട്ടിലെ ജോലികൾ
- വീട്ടിലെ ഉപകരണങ്ങൾ
- 
- 

എഴുതിയ പദങ്ങൾ ഓരോന്നായി വായിക്കുന്നു. അത് വീടുമായി ബന്ധപ്പെട്ടതു തന്നെയാണോ എന്ന് ചർച്ചചെയ്യുന്നു.

- പദങ്ങൾ ടി.ബിയിൽ നിശ്ചിത സ്ഥലത്ത് എഴുതുന്നു.
- പരസ്പരം വിലയിരുത്തുന്നു. ടീച്ചർ വിലയിരുത്തുന്നു.



വിലയിരുത്തൽ

## വൃത്തിയുള്ള വീട് 26

- നിങ്ങളുടെ വീട് നല്ല വീടാണോ?
- നല്ല വീടിനുള്ള സവിശേഷതകൾ എന്തൊക്കെയാണ്?
- ടി.ബി. പേജ് 38 ലെ പട്ടിക വായിച്ചു കണ്ടെത്തുന്നു.
- ഈ പ്രവർത്തനം പൂർത്തീകരിക്കാൻ അമ്മമാരുടെ സഹായം തേടണം. സത്യസന്ധമായി കാര്യങ്ങൾ എഴുതേണ്ടതാണ്. കുട്ടികളുടെ മുന്നിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തുന്നതു ശരിയല്ല എന്ന് അമ്മമാരെ ബോധ്യപ്പെടുത്തേണ്ടതാണ്.
- എല്ലാവരും പൂരിപ്പിച്ചു കഴിഞ്ഞ ശേഷം ക്ലാസിൽ പൊതുവായി ചർച്ചചെയ്യുന്നു.

ഇതിൽനിന്നു നല്ല വീട് എന്നാൽ എന്താണെന്നു കണ്ടെത്തി പറയട്ടെ. അവ നോട്ട് പുസ്തകത്തിൽ എഴുതട്ടെ.

- വൃത്തിയുള്ള വീടാണ് നല്ല വീട്.
- കാറ്റും വെളിച്ചവും ഉള്ള വീടാണ് നല്ല വീട്.
- അടുക്കും ചിട്ടയുമുള്ള വീടാണ് നല്ല വീട്.


നോട്ട് ബുക്കിലേക്ക്

- ഓരോ കാര്യം ഒരു പോസ്റ്ററായി തയാറാക്കി വീടിന്റെ ചിത്രം/കൊളാഷ് കൂടി ചേർത്ത് ഭംഗിയാക്കൂ. ഡിസ്പ്ലേ ബോർഡിൽ പ്രദർശിപ്പിക്കുന്നു.
- അന്വേഷണാത്മക പഠനപ്രവർത്തനമായി ഇത് മാറ്റുന്നതിനായി മറ്റെന്തെല്ലാം രീതികൾ പ്രക്രിയയിൽ ഉൾപ്പെടുത്താം?

## ആൽബം നിർമിക്കാം | 27

- പത്രമാസികകളിൽ വരുന്ന വീടിന്റെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം നിർമിക്കട്ടെ.
- ആൽബത്തിൽ ലേഖനത്തിനുള്ള അവസരം നൽകിക്കൂടേ?
- ആൽബം പ്രദർശിപ്പിക്കുന്നു.
- പരസ്പരം വിലയിരുത്തി മികച്ചവ കണ്ടെത്തുന്നു.


വിലയിരുത്തൽ



സൂചകങ്ങൾ


- ചിത്രങ്ങളുടെ എണ്ണം. (വൈപുല്യം)
- വിവിധതരം വീടുകളുണ്ട്. (വൈവിധ്യം)
- ആകർഷണീയത (ചിത്രങ്ങൾ ഒട്ടിച്ചതിന്റെ ഭംഗി, രൂപകല്പന മുതലായവ).

## കണ്ണാടി | 28

- ചിത്രത്തിൽ ഏതെല്ലാം മുറികളുണ്ട്?
    - കിടപ്പുമുറി
    - അടുക്കള
    - കുളിമുറി

ഓരോ മുറിയുടെയും ഉപയോഗവും മുറിയിലുള്ള വസ്തുക്കൾ, മറ്റു പ്രത്യേകതകൾ എന്നിവയും ഉൾപ്പെടുത്തി ലഘുവിവരണം തയാറാക്കട്ടെ.

ഈ യൂണിറ്റിലെ പ്രധാനപ്പെട്ട പഠനനേട്ടമായ ലഘുവിവരണം തയാറാക്കുന്നത് വിലയിരുത്തി രേഖപ്പെടുത്തണം.


വിലയിരുത്തൽ

**സൂചകങ്ങൾ**

- ആശയപൂർണതയുള്ള രചന.
- വസ്തുതകൾ എല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്.
- 

## വായനച്ചെപ്പ് 29

കുട്ടികൾക്ക് വായിക്കാനും ചൊല്ലിരസിക്കാനും നൽകിയ നാടൻപാട്ടാണിത്. സംഘമായും ഒറ്റയ്ക്കും ചൊല്ലട്ടെ. കൂടുതൽ ചുമടുകളുടെ പേര് കൂട്ടിച്ചേർത്ത് പാടാൻ അവസരം നൽകണം.

കൂട്ടിച്ചേർത്ത വരികൾ നോട്ട്പുസ്തകത്തിൽ എഴുതട്ടെ.

# 2. കുട്ടിപ്പുര

**വർക്ക്ഷീറ്റ് - 1**

പേര് : ..............................................................

ക്ലാസ് : ..............................................................

### സംഭാഷണം എഴുതാം

സാവിത്രിക്കുട്ടിക്ക് കളിക്കാൻ ഒരു കുട്ടിപ്പുര വേണം. ആ കുട്ടിപ്പുരയിൽ എന്തൊക്കെ വേണമെന്നും അച്ഛനോട് അവൾ പറഞ്ഞു.

എന്തായിരിക്കും അവർ തമ്മിൽ പറഞ്ഞത്?

സാവിത്രിക്കുട്ടി :


അച്ഛൻ :

സാവിത്രിക്കുട്ടി :

അച്ഛൻ :

സാവിത്രിക്കുട്ടി :

അച്ഛൻ :



**ടീച്ചറുടെ അഭിപ്രായം**

| 2. കുട്ടിപ്പുര<br>വർക്ക്ഷീറ്റ് - 2 | പേര് : ..........................................<br>ക്ലാസ് : .......................................... |
|---|---|

ചിത്രം വരച്ച് യോജിപ്പിക്കുക. ഉപയോഗം എഴുതുക. മുറികളും സൗകര്യങ്ങളും അവയുടെ ഉപയോഗവും.

**മുറികൾ/സൗകര്യങ്ങൾ**

കുളിമുറി - - - - - - - - - - - - - - - - - - - - - - - - - - - - -

അടുക്കള - - - - - - - - - - - - - - - - - - - - - - - - - - - - -

കിടപ്പുമുറി - - - - - - - - - - - - - - - - - - - - - - - - - - - - -

സ്വീകരണമുറി - - - - - - - - - - - - - - - - - - - - - - - - - - - - -

സ്റ്റോർമുറി - - - - - - - - - - - - - - - - - - - - - - - - - - - - -













**ടീച്ചറുടെ അഭിപ്രായം**

| 2. കുട്ടിപ്പുര<br>വർക്ക്ഷീറ്റ് - 3 | പേര് : ..............................<br>ക്ലാസ് : .............................. |
|---|---|

പഠനനേട്ടം : കഥയുടെ തുടർച്ച കഥാംശം ചോർന്നുപോകാതെ പറയുകയും എഴുതുകയും ചെയ്യുന്നു.

'കളിവീട്' എന്ന കവിതയിലെ വീടിന്റെ വിവിധ ഭാഗങ്ങൾ ഉണ്ടാക്കിയിരിക്കുന്നത് എന്തൊക്കെക്കൊണ്ടാണ്? മുറ്റവും അടുത്തുള്ള അരുവിയുമൊക്കെ എങ്ങനെയുള്ളതാണ്?

***കഥ പൂർത്തിയാക്കാം***

പൂവാലനണ്ണാൻ കുഞ്ഞുങ്ങൾക്ക് ഒരു കളിവീടുണ്ടാക്കിക്കൊടുത്തു. വട്ടത്തിലുള്ള ചക്കര അടുക്കിവച്ചു തൂണുകളുണ്ടാക്കി. കൽക്കണ്ടത്തിന്റെ തുണ്ടുകൾ കൊണ്ട് തറയുണ്ടാക്കി. കരിമ്പുകൊണ്ടാണ് മേൽക്കൂരയുണ്ടാക്കിയത്. നല്ല പഞ്ചസാര വിരിച്ച മുറ്റം. വീടിനരികിലൂടെ ഒഴുകിവരുന്ന കൊച്ചരുവി നോക്കൂ. മധുരം നിറഞ്ഞ, തേനൊഴുകുന്നതാണ് ആ അരുവി.

പൂവാലനണ്ണാൻ വീടു കാണാൻ കൂട്ടുകാരെയൊക്കെ വിളിച്ചു. ആരൊക്കെയാവും വന്നിട്ടുണ്ടാവുക? മീനു തേനീച്ചയും കൂട്ടുകാരും കറുമ്പനുറുമ്പും കൂട്ടുകാരും. പിന്നൊയാരൊക്കെ വന്നു?

എന്തായിരിക്കും വീടിന് സംഭവിച്ചിരിക്കുക?

ബാക്കി കഥ പറയൂ.

കഥ എഴുതുകയും വേണം.

- കഥയുടെ തുടർച്ചയുണ്ട്.
- പുതിയ കഥാപാത്രങ്ങളെ അവതരിപ്പിച്ചിട്ടുണ്ട്.
- ആർജിച്ച ഭാഷാപ്രയോഗങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- കഥയുടെ ഒടുക്കം നന്നായിട്ടുണ്ട്.
- കഥയ്ക്ക് പേരു നൽകിയിട്ടുണ്ട്.

**ടീച്ചറുടെ അഭിപ്രായം**

| 2. കുട്ടിപ്പുര<br>വർക്ക്ഷീറ്റ് – 4 | പേര് : ..........<br>ക്ലാസ് : .......... |
|---|---|





കഥാപാത്രങ്ങളുടെ വേഷം എന്ത്?

പാഠപുസ്തകത്തിൽനിന്നു കണ്ടെത്തി ഉചിതമായ നിറം നൽകുക.

**ടീച്ചറുടെ അഭിപ്രായം**

# 2. കുട്ടിപ്പുര




**വർക്ക്ഷീറ്റ് - 5**

പേര് : ..................................................................................

ക്ലാസ് : ..................................................................................

പഠനനേട്ടം : വീടിന്റെ വിവിധ ഭാഗങ്ങൾ, അവയുടെ ഉപയോഗം എന്നിവ തിരിച്ചറിയുന്നു. പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നു.

വീടിന്റെ ഭാഗങ്ങളും അവയുടെ ഉപയോഗങ്ങളും എഴുതൂ.

| വീടിന്റെ ഭാഗങ്ങൾ | ഉപയോഗം |
|---|---|
| മേൽക്കൂര  | |
| ജനൽ  | |
| വാതിൽ  | |
| ചുവര്  | |

**ടീച്ചറുടെ അഭിപ്രായം**

| 2. കുട്ടിപ്പുര<br>വർക്ക്ഷീറ്റ് - 6 | പേര് : ...................................<br>ക്ലാസ് : ................................... |
|---|---|

പഠനനേട്ടം : അറിയിപ്പ്/ക്ഷണക്കത്ത് വായിച്ച് അവയുടെ ഉള്ളടക്കം, ഘടന, ഭാഷാരീതി എന്നിവ തിരിച്ചറിയുകയും ക്ഷണക്കത്ത് തയാറാക്കുകയും ചെയ്യുന്നു.

**അറിയിപ്പ്**

മാന്യരേ,

കുന്നുമ്പുറം യു.പി. സ്കൂളിലെ രക്ഷിതാക്കളുടെ യോഗം 2016 ജൂലായ് 18 തിങ്കളാഴ്ച വൈകുന്നേരം 3 മണിക്ക് ചേരുകയാണ്. യോഗത്തിൽ കൃത്യസമയത്തുതന്നെ പങ്കെടുക്കണമെന്ന് അപേക്ഷിക്കുന്നു.

എന്ന്

ഹെഡ്മാസ്റ്റർ
കുന്നുമ്പുറം യു.പി. സ്കൂൾ
കുന്നുമ്പുറം

***ക്ഷണക്കത്ത് വായിക്കൂ***



കത്തിന്റെ ഉള്ളടക്കത്തെക്കുറിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ പറയട്ടെ. 159

നിങ്ങളുടെ സ്കൂളിലെ രണ്ടാം ക്ലാസിലെ ക്ലാസ് ടീച്ചർ ഒരു ക്ലാസ് പി.ടി.എ. യോഗം നടത്താൻ തീരുമാനിച്ചു. യോഗത്തിന് ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പ് എങ്ങനെയായിരിക്കും? എഴുതൂ.



**ടീച്ചറുടെ അഭിപ്രായം**